**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **30-01-2024 - ൽ മറുപടിയ്ക്ക്**

**ബാർ പ്രാക്ടീസ് കാലയളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിയമവകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ളവരുടെ ബാർ പ്രാക്ടീസ് കാലയളവ് സൂപ്പർ ആനുവേഷൻ പെൻഷന് കൂട്ടുന്നത് സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയ്ക്ക് എതിരെ അപ്പീൽ പോകാനുള്ള സാഹചര്യം വ്യക്തമാക്കുമോ; | (എ) | **കേരള സർവ്വീസ് ചട്ടം 25(a) -യ്ക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ അനുവദിക്കാൻ ഉത്തരവായ സാഹചര്യത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്ക് എതിരെ അപ്പീൽ ഫയൽ ചെയ്യുത്.** |
| (ബി) | ഹൈക്കോടതിയിൽ അപ്പീൽ നൽകുവാനുള്ള നിയമസാധുത ഇല്ല എന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്പീൽ നടപടികളുമായി മുന്നോട്ടു പോയതിന്റെ സാഹചര്യം വിശദമാക്കാമോ; | (ബി) | **ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ചലഞ്ച് ചെയ്യുന്നതിനുള്ള സാധ്യത കുറവാണെങ്കിലും അപ്പീൽ നൽകാമെന്ന അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽ ഫയൽ ചെയ്യുത്.** |
| (സി) | സുപ്രീംകോടതി വിധി ഉദ്ധരിച്ച് പുറപ്പെടുവിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിയ്ക്ക് എതിരെ അപ്പീൽ നൽകാൻ ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | **അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ